MATHRUBHUMI - 16th Jan 2018

ഇന്ന് വൈദ്യുതി മുടങ്ങും ഇരിങ്ങപ്പുറം എൽ.പി. സ്കൂൾ, മണിഗ്രാമം, മസ്ജിദ് റോഡ്, മൈത്രി നഗർ , കണ്ണേങ്കാട്, ഇടിയഞ്ചിറ, പാടൂർ, പണ്ടാരമാട് എന്നിവിടങ്ങളിൽ ഒമ്പതരമുതൽ അഞ്ചുവരെ വൈദ്യുതി മുടങ്ങും.

ഇന്നത്തെ പരിപാടി

- **ടാഗോർ സെൻറിനറി ഹാൾ** ജില്ലാ ആസൂത്രണസമിതിയുടെ പദ്ധതി രൂപവത്കരണത്തിൻെറ ഭാഗമായി ജില്ലാ വികസനശില്പശാല. ഉദ്ഘാടനം മന്ത്രി എ.സി. മൊയ്തീൻ 9.30
- **സാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാൾ** ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻെറ പ്രൊഫ. ജോസഫ് പുലിക്കുന്നേൽ അനുസ്മരണം. ഉദ്ഘാടനം സാറാ ജോസഫ് 5.00
- **എം.ജി. റോഡ് ശ്രീശങ്കര ഓഡിറ്റോറിയം** സ്വാമി ജ്യോതിർമയ നയിക്കുന്ന ആർട് ഓഫ് ലിവിങ് അനുഗ്രഹോത്സവം. ജ്ഞാനധ്യാനസംഗമം വൈകീട്ട് 5.30
- **ചേറ്റുവ കാർത്ത്യായനി ഭദ്രകാളിക്ഷേത്രം** പുനഃപ്രതിഷ്ഠ ഉത്സവം. ആചാര്യവരണം വൈകീട്ട് 6.30, കുടുംബസംഗമം, ആദരവ് 7.30, നൃത്തസന്ധ്യ 8.30
- **കാഞ്ഞാണി ചുള്ളിപ്പറമ്പിൽ ഭഗവതിക്ഷേത്രത്തിൽ** മകരച്ചൊവ്വാ ഉത്സവം എഴുന്നള്ളിപ്പ്, കളംപാട്ട് 2.00
- **കാരമുക്ക് പറത്താട്ടിൽ ഭഗവതിക്ഷേത്രത്തിൽ** എഴുന്നള്ളിപ്പ് 200
- **മണത്തല കളത്തിൽ ഭഗവതീക്ഷേത്രം** പ്രതിഷ്ഠാദിനം കൊടിനാട്ടൽ രാവിലെ 8.30
- **പാലയൂർ ചെഞ്ചേരി ഭഗവതീക്ഷേത്രം** മകരച്ചൊവ്വ ഉത്സവം. കൂട്ടിയെഴുന്നള്ളിപ്പ് വൈകീട്ട് 5.30

ഓർമിക്കാൻ

സ്വയം തൊഴിൽ ബോധവത്കരണം

തൃശ്ശൂർ▸ ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് ഏകദിന ബോധവത്കരണ ശില്പശാല നടത്തുന്നു.

ബുധനാഴ്ച 10-ന് ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സെമിനാർ ഹാളിലാണ് ശില്പശാല. ഫോൺ: 0487-2331016, 9495419946.

പാചകവാതക വിതരണത്തിൽ വ്യാപക ക്രമക്കേട്

രജിസ്റ്ററിലെ സ്റ്റോക്കിലും കംപ്യൂട്ടർ സ്റ്റോക്കിലും തമ്മിൽ വ്യത്യാസം കണ്ടെത്തി

ചാവക്കാട്▸ താലൂക്ക് സപ്ലൈ ഓഫീസിലെ സ്പെഷ്യൽ സക്വാഡ് തിങ്കളാഴ്ച പാചകവാതക വിതരണകേന്ദ്രങ്ങളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയത് വ്യാപകമായ ക്രമക്കേടുകൾ. താലൂക്ക് സപ്ലൈ ഓഫീസർ എ.കെ. സതീഷ്കുമാറിൻെറ നേതൃത്വത്തിൽ ചാവക്കാട് അനുഗ്യാസ് ഏജൻസീസ്, തളിക്കുളം മാളിയേക്കൽ ഗ്യാസ് ഏജൻസീസ് എന്നിവിടങ്ങളിലാണ് പരിശോധന നടത്തി ക്രമക്കേട് കണ്ടെത്തിയത്.

പരാതിപ്പുസ്തകം ലഭ്യമാണെന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല, സ്റ്റോക്കിൽ ഗാർഹിക സിലിൻഡറുകളും റെഗുലേറ്ററുകളും കൂടുതലും കാലി സിലിൻഡറുകൾ കുറവും കണ്ടെത്തി. അഞ്ച് കിലോഗ്രാം വിഭാഗത്തിലെ സിലിൻഡറുകളിൽ രജിസ്റ്ററിലെ സ്റ്റോക്കിലും കംപ്യൂട്ടർ സ്റ്റോക്കിലും തമ്മിൽ വ്യത്യാസം കണ്ടെത്തി.

ഉപഭോക്താക്കളിൽ നിന്ന് മൊഴിയെടുത്തതിൽ, അഞ്ച് കിലോമീറ്റർ ചുറ്റളവിൽ സിലിൻഡർ വിതരണത്തിന് സർവീസ് ചാർജ് ഇല്ലാതിരിക്കെ 40 രൂപ വരെ ഈടാക്കുന്നതായി കണ്ടെത്തി. സിലിൻഡർ വീട്ടിലെത്തിക്കുമ്പോൾ ആളില്ലാതെ തിരികെപ്പോയാൽ വീണ്ടും ബുക്കു ചെയ്യേണ്ടിവരുന്നത് ഉപഭോക്താക്കൾക്ക് അസൗകര്യമുണ്ടാക്കുന്നതായി കണ്ടെത്തി.

ക്രമക്കേടുകൾ കളക്ടർക്ക് റിപ്പോർട്ട് ചെയ്തു. സിലിൻഡറിൻെറ ദുരുപയോഗം തടയാൻ വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് സപ്ലൈ ഓഫീസർ പറഞ്ഞു. പാചകവാതക വിതരണരംഗത്തെ കൃത്രിമക്ഷാമം, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, കൃത്രിമ വിലക്കയറ്റം, ദുരുപയോഗം എന്നിവ തടയുന്നതിനും കണ്ടെത്തുന്നതിനുമായിട്ടായിരുന്നു മിന്നൽ പരിശോധന.

അധ്യാപക ഒഴിവ്

തൃശ്ശൂർ▸ സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിക്കുന്ന പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സുകളുടെ തൃശ്ശൂരിലെ സമ്പർക്ക ക്ലാസുകളിൽ അധ്യാപകരുടെ ഓരോ ഒഴിവുണ്ട്. അപേക്ഷ 18-നകം കോ-ഓർഡിനേറ്റർ, ജില്ലാ സാക്ഷരത മിഷൻ, അയ്യന്തോൾ, തൃശ്ശൂർ എന്ന വിലാസത്തിൽ ലഭിക്കണം.

മാനേജ്മെൻറ് മീറ്റ് 18-ന്

തൃശ്ശൂർ▸ കുട്ടനെല്ലൂർ സി. അച്യുതമേനോൻ ഗവ. കോളേജിലെ കൊമേഴ്സ് ആൻഡ് മാനേജ്മെൻറ് വിഭാഗം 'അലോകി 2കെ18' ഇൻറർ കൊളീജിയറ്റ് മാനേജ്മെൻറ് മീറ്റ് സംഘടിപ്പിക്കുന്നു.

18-ന് നടക്കുന്ന മീറ്റിൽ മികച്ച മാനേജർ, മികച്ച മാനേജ്മെൻറ് ടീം, ട്രഷർ ഹണ്ട്, ബിസിനസ് പ്രശ്നോത്തരി, പോസ്റ്റർ നിർമാണം എന്നിവയിൽ മത്സരങ്ങളുണ്ടാകും.

രാവിലെ 8.30 മുതൽ 10.30 വരെയാണ് സ്പോട്ട് രജിസ്ട്രേഷൻ. 10.30-ന് മത്സരങ്ങൾ തുടങ്ങും. വിവരങ്ങൾക്ക് ഫോൺ: 7736370007, 8606520611.

പട്ടികജാതി വിദ്യാർഥികൾക്ക് സൈക്കിൾ നൽകി

വെങ്കിടങ്ങ് പഞ്ചായത്തിലെ വിദ്യാർഥികൾക്കുള്ള സൈക്കിൾ വിതരണം പ്രസിഡൻറ് രതി . എം. ശങ്കർ നിർവഹിക്കുന്നു

വെങ്കിടങ്ങ് ▸ ഗ്രാമപ്പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 215 പട്ടികജാതി വിദ്യാർഥികൾക്ക് പത്ത് ലക്ഷം രൂപ ചെലവിൽ സൈക്കിൾ വിതരണം നടത്തി. പാടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കൻഡറി സ്കൂളിലെ എട്ട്, ഒമ്പത്, പത്ത് ക്ലാസുകാർക്കാണ് സൈക്കിൾ നൽകിയത്.

പഞ്ചായത്ത് പ്രസിഡൻറ് രതി എം. ശങ്കർ ഉദ്ഘാടനം ചെയ്തു.

നേന്ത്രവാഴത്തൈകൾ

പെരിങ്ങോട്ടുകര▸ താന്ന്യം കൃഷിഭവനിൽ നേന്ത്രവാഴത്തൈകൾ വിതരണത്തിനെത്തി. ആറുരൂപയാണ് തൈ ഒന്നിൻെറ വില.

വിവാഹം

ഗുരുവായൂർ▸ ഹൗസിങ് ബോർഡിൽ കാരാംകുന്നത്ത് വാഴപ്പിള്ളി പി.എൻ. പെരുമാളിൻെറയും കെ.വി. പുഷ്പയുടെയും മകൾ ലക്ഷ്മീദേവിയും പേരാമംഗലം അമ്പാടത്ത് ഗോവിന്ദൻ നായരുടെയും ഞാറേക്കാട്ട് രുക്മിണിഅമ്മയുടെയും മകൻ മണികണ്ഠനും വിവാഹിതരായി.

ഗുരുവായൂർ▸തമ്പുരാൻപടി മുളക്കൽ ആൻറണിയുടെയും ഷൈബിയുടെയും മകൾ അനിറ്റയും ചാലക്കുടി ചേത്തേലി മാത്യുവിൻെറയും ജെസ്സിയുടെയും മകൻ മേജോയും വിവാഹിതരായി.

തിരുവത്ര മാരിയമ്മൻ ഹനുമാൻകുട്ടി ക്ഷേത്രോത്സവം

തിരുവത്ര കോട്ടപുരം മാരിയമ്മൻ ഹനുമാൻകുട്ടി ക്ഷേത്രത്തിലെ ഉത്സവത്തിൻെറ ഭാഗമായി നടന്ന തെയ്യംതിറ

ചാവക്കാട്▸ തിരുവത്ര കോട്ടപുരം മാരിയമ്മൻ ഹനുമാൻകുട്ടി ക്ഷേത്രത്തിലെ ഉത്സവം ആഘോഷിച്ചു. രാവിലെ മുതൽ ക്ഷേത്രത്തിൽ നടന്ന പൂജകൾക്ക് തന്ത്രി തൊണ്ടുമഠം ബാലചന്ദ്രൻ, മേൽശാന്തി ഷാജി എന്നിവർ നേതൃത്വം നൽകി.

ഉച്ചയ്ക്ക് പെരുമ്പാവൂർ അകംപള്ളി തറവാട് വക അന്നദാനത്തിൽ ആയിരങ്ങൾ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് അമ്പലത്തിൽനിന്ന് പൂരം എഴുന്നള്ളിപ്പ് എത്തി. ഹനുമാൻ സ്വാമിയുടെ തുള്ളൽ കാണാനും കല്പന കേൾക്കാനും നൂറുകണക്കിന് ഭക്തജനങ്ങൾ എത്തി. വൈകീട്ട് പൂത്താലത്തോടെ എഴുന്നള്ളിപ്പ് നടന്നു.

കുട്ടികളുടെ ചലച്ചിത്രമേള ഇന്നാരംഭിക്കും

തൃശ്ശൂർ▸ കേന്ദ്ര ഇൻഫർമേഷൻ ആൻഡ് ബ്രോഡ് കാസ്റ്റിങ് മന്ത്രാലയത്തിനു കീഴിലുള്ള ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയും വിനോദസഞ്ചാര വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന കുട്ടികളുടെ ചലച്ചിത്രോത്സവം ചൊവ്വാഴ്ച ആരംഭിക്കും.

20 വരെയാണ് ചലച്ചിത്രമേള. തൃശ്ശൂർ നഗരത്തിലെ ഗിരിജ, കൈരളി, ശ്രീ, ഗാനം മൂവീസ് (വളർക്കാവ്), താവൂസ് (കുന്നംകുളം), ബാലകൃഷ്ണ (ഗുരുവായൂർ), ജയശ്രീ (ഗുരുവായൂർ), ശ്രീലക്ഷ്മി മൂവീസ് (കോടാലി), ശ്രീരാമ മൂവീസ് (തൃപ്രയാർ), മഹാലക്ഷ്മി മൂവീസ് (അഷ്ടമിച്ചിറ), വർണ (മാപ്രാണം), സവിധ മൂവി മാജിക്സ് (കേച്ചേരി) എന്നിവിടങ്ങളിലാണ് മേള. കേശു, മല്ലി, ദ്വിഭാഷി എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. രാവിലെ ഒമ്പതുമുതൽ 10.30 വരെയാണ് പ്രദർശനം.

വിശ്വകർമ മഹാസഭ ജില്ലാ സമിതി പുനഃസംഘടിപ്പിച്ചു

തൃശ്ശൂർ▸ അഖില കേരള വിശ്വകർമ മഹാസഭ ജില്ലാ പുനഃസംഘടനാസമ്മേളനം സംസ്ഥാന പ്രസിഡൻറ് പി.ആർ. ദേവദാസ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാന വൈസ് പ്രസിഡൻറ് എം.വി. ഷൺമുഖൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എ.വി. കൃഷ്ണൻ, ഓർഗനൈസിങ് സെക്രട്ടറിമാരായ ഇ.എസ്. മോഹനൻ, പി.കെ. തമ്പി, രാജൻ തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ: കെ.കെ. വേണുഗോപാലൻ (പ്രസി.), സജി ബി. ആചാര്യ, സോമനാഥൻ ആചാരി, ജിജി അരവിന്ദാക്ഷൻ (വൈസ് പ്രസി.), കെ.കെ. ശിവരാമൻ (ജന. സെക്ര.), കെ.ജി. നാരായണൻ, എൻ.സി. സിഗു, കലശിവൻ (ജോ. സെക്ര.), കെ.കെ. കണ്ണൻ (ഖജാ.).

കെ.കെ. വേണുഗോപാലൻ (പ്രസി), കെ.കെ. ശിവരാമൻ (ജന. സെക്ര.)

സിനിമ

ചേലൂർ മൂവിമാജിക് (2K):
Online Reservation: Ticketnew.com
സ്ക്രീൻ 1: രാമദാസ്:
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (മ) (3,6,9)
- **സ്കെച്ച്** (ത) (12)

സ്ക്രീൻ 2: രവികൃഷ്ണ (DTS)
Online Reservation: Ticketnew.com
- **മായാനദി** (മ) (12 pm, 3 pm, 9 pm)
- **സ്കെച്ച്** (ത) (6)

ഗിരിജ (DTS) (2k cube digital)
Online Reservation: www.justickets.in
(Ph: 8547855984):
- **സ്കെച്ച്** (ത) (12, 3, 6.30, 9.30)

ജോസ് (DTS):(Dolby Sorround 7.1 HD Barco) (2K)
Online Reservation: www.ticketnow.com
- **ആട് 2** (12,3,6,9)

ബിന്ദു
- **അവൾ** (ത) (4)

സപ്ന: (A/c 2K3D)
Online Reservation: www.catchmyseat.com
- **താനെ സേർത്ത കൂട്ടം** (ത) (12,3,6,9)

കൈരളി: (QUBE-DTS 7.1 digital)
Online reservation www.keralafilm.gov.in
- **മാസ്റ്റർ പീസ്** (11)
- **താനെ സേർത്ത കൂട്ടം** (ത) (2.30,6,9.15)

ശ്രീ: Online reservation www.keralafilm.gov.in
- **ക്യൂൻ** (11.30, 3, 6.30, 9.30)

ഗാനം: A/c. 7-1 Qube
(Ph. 2444473, 9207409232): Online Reservation www.bookmyshow.com
- **ക്യൂൻ** (12, 3, 6.15, 9.30)

ദീപ സിനിമ: (A/c UFO DTS 2K, 11.1)
(Ph: 04872326002):
Online tickets: www.ticketnew.com
- **താനെ സേർത്ത കൂട്ടം** (4) (12, 3, 6.30, 9.45)

INOX ശോഭാ സിറ്റി (Mulitplex)
Online booking www.inoxmovies.com
- **സ്കെച്ച്** (ത) (12.50 pm, 10.50 pm)
- **താനെ സേർത്ത കൂട്ടം** (ത) (10.00am, 7.30pm, 10.10pm)
- **ക്യൂൻ** (മ) (9.40 am, 12.15pm, 3.40pm, 7 pm, 10.20pm)
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (1.20 pm, 4 pm, 7.40 pm)
- **മാസ്റ്റർപീസ്** (മ) (10.10 am)
- **ആട് 2** (മ) (12.55 pm, 3.50 pm, 7.20 pm, 10.40 pm)
- **മായാനദി** (12.40pm, 4.10pm, 7pm)
- **Jumanji - Welcome to Jungle 3D** (E) (10.10 am)
- **ഈട** (4.30pm)
- **ദിവാൻജിമൂല** (മ) (10.15 am,1.30 pm,10.30 pm)

വാടാനപ്പിള്ളി അശോക (Dolby 7.1, 3 Way Sound System)
- **സ്കെച്ച്** (12, 9.15)
- **താനെ സേർത്ത കൂട്ടം** (ത)(3, 6.15)

ജവഹർ (9446668776)
- **മാസ്റ്റർപീസ്** (3, 6.30, 9.30)

പെരിങ്ങോട്ടുകര ദേവ (A/c DTS)
(Ph: 9497542655): Online booking: www.ticketnew.com;
- **താനെ സേർത്ത കൂട്ടം** (ത) (3, 9.15)
- **സ്കെച്ച്** (6pm)

ദേവരാഗം (A/c 2K3D Dolby 7.1)
(Ph: 2272655): Online booking: www.ticketnew.com
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (3, 6.15)
- **സ്കെച്ച്** (9.15)

തൃപ്രയാർ ശ്രീരാമ (QUBE DTS)
(8891464363):
- **ആന അലറലോടലറൽ** (3, 6.25, 9.25)

കാഞ്ഞാണി ബ്രഹ്മകുളം (A/c dts PXD) (Dolby-2K-3D)
Ph: 2633226
- **ക്യൂൻ** (12,3,6.15,9.15)

സിംല മൂവീസ് (A/c DTS)
- **ആട് -2** (12, 3, 6.30, 9.30)

ഗുരുവായൂർ: അപ്പാസ് (DTS A/c)
- **മാസ്റ്റർപീസ്** (4) (11.45 pm, 2.45 pm, 6.15 pm, 9.15 pm)

ബാലകൃഷ്ണ: (DTS)
- **ആട് - 2** (4)

ജയശ്രീ : (DTS A/c)
- **ക്യൂൻ** (മ) (4)

ദേവകി
Screen 1 (2k Dolby Atmos)
(online reservation: www.devakicinemas.com)
- **സ്കെച്ച്** (ത) (2.45,6,9)
- **താനെ സേർത്ത കൂട്ടം** (ത) (11.45 NS)

Screen 2: (2k Dolby7.1)
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (2.45, 6, 9.00)
- **ദിവാൻജി മൂല** (11.45 NS)

കേച്ചേരി സവിത മൂവി മാജിക്: (7.1. Qube Digital surround ,2K A/C)
(Ph. 9745372649)
- **താനെ സേർത്ത കൂട്ടം** (4)

കുന്നംകുളം താവൂസ്: (A/c Dolby Digital 7.1 surround, 2 K)
- **സ്കെച്ച്** (ത) (11.30, 2.45, 6.15, 9.30)

ബൈജു: പ്രദർശനം ഇല്ല

ഭാവന: (2K, 3D, 7.1)
Ph: 04885 222979; Online Booking: www.bhavanamovies.com
- **താനെ സേർത്ത കൂട്ടം** (2.45, 6.15, 9.15)
- **ആട് 2** (11.45)

ലിറ്റിൽ ഭാവന മൂവി മാജിക്: (2K,3D,Dolby Atmos)
Ph: 04885 222979; Online Booking: www.bhavanamovies.com
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (മ) (11.30, 2.30, 6.15, 10.00)

ജെ.ആർ.എച്ച്. സിനിമ A/c-2K-3D Dolby Digital Sorround 7.1-HD:
www.jrhcinema.com ,04885221005
- **മായാനദി** (12.15pm)
- **താനെ സേർത്ത കൂട്ടം** (9.45, 5.30)
- **ക്യൂൻ** (2.45, 8, 10.50)

വടക്കാഞ്ചേരി ന്യൂരാഗം (A/c DTS)
(Ph: 232686)
- **താനെ സേർത്ത കൂട്ടം** (11.30, 2.45)
- **ആട്** (6, 9.30)

താളം (A/c DTS Satellite)
Online Ticket reservation: www catchmyseat.com
- **ക്യൂൻ** (11.45 am, 2.45)
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (മ) (6.15, 9.15)

പഴയന്നൂർ ഷാഡോ സിനിമാസ് (A/C 7.1 Dolby, 7.1 Digital 2k)
Screen 1: **ക്യൂൻ** (മ) (9.30 pm, 12.30)
- **താനെ സേർത്ത കൂട്ടം** (3.30pm)
- **ആട് -2** (6.30 pm, 9.30 pm)

Screen 2: **താനെ സേർത്ത കൂട്ടം** 2 (10.30, 9.00 pm)
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (മ) (2 pm, 6 pm)

തിരുവില്വാമല എസ്.എം.
- **മാസ്റ്റർപീസ്** (മ) (3)

ഷൊർണ്ണൂർ മേളം: (DTS 2K Digital 3 D Surround 7.1 A/c)
Online reservation: www.catchmyseat.com
- **ക്യൂൻ** (മ) (11, 3)
- **സ്കെച്ച്** (E) (6.15, 9.30)

അനുരാഗ് :
Reservation: book my show
- **ആട് 2** (4)

ഗീത; (2K 3 D)
Reservation: in.bookmyshow.com/shoranur
- **താനെ സേർത്ത കൂട്ടം** (ത)(4)

പട്ടാമ്പി: കൃഷ്ണ സിനിപ്ലെക്സ് A/c
- **താനെ സേർത്ത കൂട്ടം** (ത) (11, 2.30, 9)
- **സ്കെച്ച്** (6pm)

ദേവ് സിനിപ്ലെക്സ് : A/c Qube Dolby
- **സ്കെച്ച്** (E) (10am, 12.30, 3, 9.30)
- **താനെ സേർത്ത കൂട്ടം** (ത) (6.15)

അലക്സ് സിനിമാസ് (A/c 2K)
- **ആട് 2** (4)

അലക്സ് മൂവീസ് (A/c 2K)
- **ക്യൂൻ** (മ) (11.15, 2.30)
- **ദൈവമേ കൈതൊഴാം K.കുമാറാകണം** (മ) (6.15, 9.15)

സാന്ത്വനപരിചരണദിനാചരണം

ചാവക്കാട്▸ ഒരുമനയൂർ പഞ്ചായത്തും പ്രാഥമികാരോഗ്യകേന്ദ്രവും സാന്ത്വനപരിചരണദിനം ആചരിച്ചു. പഞ്ചായത്തു പ്രസിഡൻറ് കെ. അഷിത ഉദ്ഘാടനം ചെയ്തു. മുൻ പഞ്ചായത്തുപ്രസിഡൻറ് കെ.ജെ. ചാക്കോ അധ്യക്ഷനായി. പഞ്ചായത്തിനുവേണ്ടി ചെയ്ത സാമൂഹികപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസർ നിഷാ ഫ്രാൻസിസിനെ പരിപാടിയിൽ പൊന്നാടയണിയിച്ച് ആദരിച്ചു.

പാലിയേറ്റീവ് രോഗികൾക്ക് ബെഡ്ഷീറ്റ് വിതരണവും കലാപരിപാടികളും സദ്യയും നടത്തി. എൻ.എസ്.എസ്.വൊളൻറിയർമാരും ആശാ വർക്കർമാരും പഞ്ചായത്തിലെ വീടുകളിലെ കിണറിലെയും മറ്റും ജലത്തിൻെറ ഗുണനിലവാരം പരിശോധിച്ചതിൻെറ റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡൻറിന് സമർപ്പിച്ചു.

അന്തിക്കാട്▸ ജില്ലാ പഞ്ചായത്തിൻെറയും ബ്ലോക്കു പഞ്ചായത്തിൻെറയും അന്തിക്കാട് പഞ്ചായത്ത് പാലിയേറ്റീവ് കെയറിൻെറയും നേതൃത്വത്തിൽ സാന്ത്വനപരിചരണദിനാചരണവും രോഗീ-ബന്ധു സംഗമവും നടത്തി. അന്തിക്കാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഗ്രാമപ്പഞ്ചായത്തു പ്രസിഡൻറ് എ.വി. ശ്രീവത്സൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് ജ്യോതി രാമൻ അധ്യക്ഷയായി. പാവപ്പെട്ട കിടപ്പുരോഗികൾക്കും111 കുടുംബങ്ങൾക്കും പലവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ വിതരണം ചെയ്തു. സാക്സഫോൺ കലാകാരൻ കിഷോർകുമാറിനെയും പാലിയേറ്റീവ് കെയർ നഴ്സ് അജിതയെയും ചടങ്ങിൽ ആദരിച്ചു.

പാവറട്ടി▸ വെങ്കിടങ്ങ് സാന്ത്വനം പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി പാലിയേറ്റീവ് ദിനാചരണത്തോടനുബന്ധിച്ച് പാവറട്ടിയിൽനിന്ന് പൂവത്തൂരിലേക്ക് ലഹരിവിരുദ്ധ ബോധവത്കരണറാലി നടത്തി. പാവറട്ടി അഡീഷണൽ എസ്.ഐ. എം.വി. ജയപ്രകാശ് ഫ്ലാഗ് ഓഫ് ചെയ്തു. ജനമൈത്രി സുരക്ഷാ സമിതി, വിവിധ വിദ്യാലയങ്ങളിലെ വിദ്യാർഥികൾ എന്നിവരുടെ നേതൃത്വത്തിലായിരുന്നു റാലി. സമാപനസമ്മേളനം പാവറട്ടി അഡീഷണൽ എസ്.ഐ.അബ്ദുൾ ഹക്കീം ഉദ്ഘാടനം ചെയ്തു.

താന്ന്യം▸ ഗ്രാമപ്പഞ്ചായത്തിൻെറയും തൃപ്രയാർ സാമൂഹികാരോഗ്യകേന്ദ്രത്തിൻെറയും നേതൃത്വത്തിൽ പാലിയേറ്റീവ് കെയർദിനം ആചരിച്ചു. രോഗികളെയും, കുടുംബാംഗങ്ങളെയുംകൊണ്ട് തളിക്കുളം സ്നേഹതീരത്തേയ്ക്ക് ഉല്ലാസയാത്ര നടത്തി.

ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശുഭാ സുരേഷ് യാത്ര ഫ്ലാഗ് ഓഫ് ചെയ്തു.

വെങ്കിടങ്ങ് സാന്ത്വനം പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി പാലിയേറ്റീവ് ദിനാചരണത്തിൻെറ ഭാഗമായി പാവറട്ടിയിൽ നിന്ന് പൂവത്തൂരിലേക്ക് നടത്തിയ ലഹരിവിരുദ്ധ ബോധവത്കരണ റാലി

ഏങ്ങണ്ടിയൂർ നാഷണൽ ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികൾ സ്വരൂപിച്ച തുക സ്നേഹസ്പർശം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെൻററിന് വേണ്ടി ഏങ്ങണ്ടിയൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് ഉദയ് തോട്ടപ്പുള്ളി സ്വീകരിക്കുന്നു

നാട്ടിക ഗ്രാമപ്പഞ്ചായത്തും പ്രാഥമികാരോഗ്യകേന്ദ്രവും ചേർന്ന് നടത്തിയ സാന്ത്വനപരിചരണ ദിനാചരണം ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി. വിനു ഉദ്ഘാടനം ചെയ്യുന്നു

തളിക്കുളം ഗ്രാമപ്പഞ്ചായത്തിൻെറ സാന്ത്വന ദിനാചരണം നിർധന രോഗികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്ത് ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് സന്ധ്യ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

ഗുരുവായൂർ▸ സായ് സഞ്ജീവനി ചാരിറ്റബിൾ ട്രസ്റ്റിൻെറ നേതൃത്വത്തിൽ സാന്ത്വനസംഗമവും നേത്രസെമിനാറും നടത്തി. അമൃതാ പ്രേമാനന്ദൻ ഉദ്ഘാടനം ചെയ്തു. സായ് ട്രസ്റ്റ് ചെയർമാൻ എ. ഹരിനാരായണൻ അധ്യക്ഷനായി.

തൃപ്രയാർ▸ നാട്ടിക ഗ്രാമപ്പഞ്ചായത്തും പ്രാഥമികാരോഗ്യകേന്ദ്രവും ചേർന്ന് സാന്ത്വനപരിചരണദിനം ആചരിച്ചു. നിർധനരായ രോഗികൾക്ക് പോഷകാഹാര ക്കിറ്റ് നൽകി. ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി. വിനു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് കെ.എ. ഷൗക്കത്തലി അധ്യക്ഷനായി.

വാടാനപ്പള്ളി▸ സാന്ത്വന ചികിത്സയ്ക്ക് വിദ്യാർഥികൾ പണം സ്വരൂപിച്ച് നൽകി. ഏങ്ങണ്ടിയൂർ നാഷണൽ ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികളാണ് തൃത്തല്ലൂർ സ്നേഹസ്പർശം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സെൻററിന് പണം നൽകിയത്.

വിദ്യാർഥികൾ സമാഹരിച്ച തുക ഏറ്റുവാങ്ങി, ഏങ്ങണ്ടിയൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് ഉദയ് തോട്ടപ്പുള്ളി സാന്ത്വന ദിനാചരണം ഉദ്ഘാടനം ചെയ്തു. സി.എം. നൗഷാദ് അധ്യക്ഷനായി.

തളിക്കുളം▸ നിർധന രോഗികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്ത് തളിക്കുളം ഗ്രാമപ്പഞ്ചായത്ത് സാന്ത്വന ദിനാചരണം നടത്തി. നൂറോളം പേർക്കാണ് ഭക്ഷ്യധാന്യം നൽകിയത്. ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡൻറ് എം.കെ. ബാബു അധ്യക്ഷനായി.

മുരിങ്ങൂർ അപകടം

അമ്മയെ തനിച്ചാക്കി അവർ യാത്രയായി

ദുരന്തം അച്ഛന്റെ ആറാം ചരമവാർഷികദിനത്തിൽ

പോസ്റ്റുമോർട്ടത്തിനുശേഷം മൃതദേഹങ്ങൾ കരിയപ്പാറയിലെ ഉണ്ണിക്കൃഷ്ണൻെറ വീട്ടിലേയ്ക്ക് കൊണ്ടുവരുന്നു

ചാലക്കുടി▸ പെരുമ്പടത്തി വീട്ടിൽ ഇനി അമ്മിണി മാത്രം. മുരിങ്ങൂരിൽ ഞായറാഴ്ച രാത്രി വൈകി സ്കൂട്ടറിൽ കാറിടിച്ചുണ്ടായ അപകടത്തിൽ മകൻ ഉണ്ണിക്കൃഷ്ണനെയും(38), മരുമകൾ സുധ(26)യെയും പേരക്കുട്ടി വാസുദേവനെ(ആറ്)യുമാണ് ഈ അമ്മയ്ക്ക് നഷ്ടപ്പെട്ടത്. മുരിങ്ങൂർ കരിയപ്പാറ പെരുമ്പടത്തി പരേതനായ സുബ്രൻെറ മകനാണ് ഉണ്ണിക്കൃഷ്ണൻ. സുബ്രൻ മരിച്ച് ആറാം ചരമവാർഷികമായിരുന്നു ഞായറാഴ്ച.

ചാലക്കുടി താലൂക്കാസ്പത്രിയിൽ പോസ്റ്റുമോർട്ടം നടത്തിയ മൃതദേഹങ്ങൾ വൈകീട്ട് ആറോടെ മുരിങ്ങൂർ കരിയപ്പാറയിലുള്ള വീട്ടിലെത്തിച്ചു.

മൃതദേഹങ്ങൾ ആംബുലൻസിൽനിന്നിറക്കി വീട്ടിലേയ്ക്ക് കൊണ്ടുവന്നതോടെ തിങ്ങിനിറഞ്ഞ ജനാവലിക്കിടയിലെ വിതുമ്പൽ പൊട്ടിക്കരച്ചിലായി. തുടർന്ന് മൃതദേഹങ്ങൾ കൊരട്ടി പൊതുശ്മശാനത്തിൽ സംസ്കരിച്ചു. മന്ത്രി എ.സി. മൊയ്തീൻ, ബി.ഡി. ദേവസ്സി എം.എൽ.എ. തുടങ്ങിയവർ അന്ത്യോപചാരമർപ്പിക്കാൻ വീട്ടിലെത്തയിരുന്നു. ഞായറാഴ്ച രാത്രി 10.30-ന് ഉത്സവത്തിനു പോയി മടങ്ങുമ്പോൾ സ്കൂട്ടറിൽ കാറിടിച്ചായിരുന്നു അപകടം.

പള്ളിറോഡിൽനിന്ന് സിഗ്നൽ ജങ്ഷലേയ്ക്ക് ഇറങ്ങിവരുമ്പോഴായിരുന്നു അപകടം. കാർ ഓടിച്ചിരുന്നത് തൃത്താല മലമക്കാവ് മുണ്ടൻ വളപ്പിൽ റഷീദായിരുന്നു. ഇയാളെ പോലീസ് അറസ്റ്റുചെയ്തു. മുരിങ്ങൂർ പള്ളിയിലും അമ്പലത്തിലും ആഘോഷങ്ങൾ നടക്കുന്നതിനാൽ റോഡിൽ നല്ല തിരക്കായിരുന്നു.

നിരവധിപ്പേർ അപകടത്തിന് നേർസാക്ഷികളായി. ഇലക്ട്രിക്- പ്ലംബിങ് ജോലികൾ അറിയുന്ന ഉണ്ണിക്കൃഷ്ണൻ ഗൾഫിലായിരുന്നു. നാട്ടിൽ തിരിച്ചെത്തി തൊഴിലുകൾ കരാറെടുത്തു ചെയ്യുകയായിരുന്നു.

ഏകമകൻ വാസുദേവൻ സാൻജോനഗർ സ്കൂളിൽ യു.കെ.ജി. വിദ്യാർഥിയാണ്.

ഉണ്ണിക്കൃഷ്ണൻ, സുധ, വാസുദേവൻ

30,000 രൂപ സഹായം

ചാലക്കുടി▸ മുരിങ്ങൂരിൽ അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 30,000 രൂപ അടിയന്തരസഹായം സർക്കാർ അനുവദിച്ചു. തുക ബി.ഡി. ദേവസി എം.എൽ.എ. ഉണ്ണികൃഷ്ണൻെറ അമ്മ അമ്മിണിക്ക് കൈമാറി.

ഡിവൈ.എസ്.പി. സി.എസ്. ഷാഹുൽഹമീദ്, മേലൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി.പി. ബാബു, അംഗം രാജേഷ് മേനോത്ത്, തഹസിൽദാർ മോളി ചിറയത്ത് എന്നിവർ സന്നിഹിതരായി.

ഫിസിയോ തെറാപ്പി ഉപകരണങ്ങൾ നൽകി

തൃപ്രയാർ▸ നാട്ടിക പ്രാഥമികാരോഗ്യകേന്ദ്രത്തിൽ തുടങ്ങുന്ന ഫിസിയോ തെറാപ്പി യൂണിറ്റിന് ഫ്രൈഡേ കോർട്ട് റിക്രിയേഷൻ ക്ലബ്ബ് ഫിസിയോ തെറാപ്പി ഉപകരണങ്ങൾ നൽകി. ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി. വിനു സ്വീകരിച്ചു. ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡൻറ് കെ.എ. ഷൗക്കത്തലി, ഫിസിയോ തെറാപ്പിസ്റ്റ് ധന്യ വിനോദ്, വി.ആർ. പ്രമീള, കെ.വി. സുകുമാരൻ, വി.എം. സതീശൻ, എൻ.കെ. ഉദയകുമാർ എന്നിവർ സംസാരിച്ചു.

ചരമം

ഭാസ്കരൻ നായർ

ഗുരുവായൂർ▸ എയർഫോഴ്സ് റിട്ട. ഫ്ലൈറ്റ് ലഫ്റ്റനൻറ് മമ്മിയൂർ കാട്ടിൽവളപ്പിൽ ഭാസ്കരൻനായർ (81) അന്തരിച്ചു. ഭാര്യ: പാലിയത്ത് വസുമതി. മക്കൾ: പ്രീത, പ്രേംകുമാർ, പ്രമീള. മരുമക്കൾ: സേതുമാധവൻ (ഇൻകംടാക്സ് ഓഫീസർ, മുംബൈ), ഗായത്രി (അധ്യാപിക, ജനകീയ വിദ്യാലയം മച്ചാട്), അനിൽകുമാർ (കുവൈത്ത്). ശവസംസ്കാരം ചൊവ്വാഴ്ച 11-ന് ചെറുതുരുത്തി ശാന്തിതീരത്ത്.

കൊച്ചുവേലായുധൻ

കണിമംഗലം▸ പരേതനായ പാലാ ശങ്കരൻകുട്ടിയുടെ മകൻ കൊച്ചുവേലായുധൻ (65) അന്തരിച്ചു. ഭാഭാ അറ്റോമിക് സെൻറർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ മുംബൈ, വിപ്രോ കോർപ്പറേഷൻ പുണെ, എച്ച്.ഒ.സി. കൊച്ചി എന്നിവിടങ്ങളിൽ ഫാബ്രിക്കേറ്റർ ആയിരുന്നു. സഹോദരൻ: ശില്പിരാജൻ. ശവസംസ്കാരം ചൊവ്വാഴ്ച 12-ന് വീട്ടുവളപ്പിൽ.

നൗഷാദ്

തൃത്തല്ലൂർ▸ നാലകത്ത് പടുവിങ്ങൽ മുഹമ്മദിൻെറ മകൻ നൗഷാദ് (37) അന്തരിച്ചു. ഭാര്യ: ലൈല. മക്കൾ: അവാൻ, ഫെല്ല. ഖബറടക്കം ചൊവ്വാഴ്ച പത്തിന് ഗണേശമംഗലം പള്ളി ഖബർസ്ഥാനിൽ.

കരുണാകരൻ നായർ

പാവറട്ടി▸ വെൻമേനാട് ചക്കനാത്ത് പണക്കെട്ടി വീട്ടിൽ കരുണാകരൻ നായർ (85) അന്തരിച്ചു. സഹോദരങ്ങൾ: വിനോദിനിയമ്മ, സൗദാമിനിയമ്മ, കല്യാണിക്കുട്ടിയമ്മ. ശവസംസകാരം ചൊവ്വാഴ്ച പത്തിന് പാറേമക്കാവ് ശാന്തിഘട്ടിൽ.